# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 ,2331103
ഇ.മെയിൽ: keralasahityaakademi@gmail.com
വെബ്സൈറ്റ്: www keralasahityaakademi.org

20.10.2017

**പത്രക്കുറിപ്പ്:**

## തുറവൂർ വിശ്വംഭരന്റെ നിര്യാണത്തിൽ കേരള സാഹിത്യ അക്കാദമി അനുശോചിച്ചു

ഉപനിഷദ്ചിന്തകളുടെ വെളിച്ചത്തിൽ പുരാണേതിഹാസങ്ങൾക്ക് പുനരാഖ്യാനം നൽകിയ ദാർശനികനും മഹാപണ്ഡിതനുമാണ് പ്രൊഫ.തുറവൂർ വിശ്വംഭരനെന്ന് സാഹിത്യ അക്കാദമിയുടെ അനുശോചനക്കുറിപ്പിൽ സെക്രട്ടറി ഡോ.കെ.പി.മോഹനൻ പറഞ്ഞു. ക്ലാസിക് കൃതികളെ സമകാലിക ലോകസത്യങ്ങളുമായി മാറ്റുരച്ചുനോക്കിയ സാഹിത്യവിമർശകനാണ് അദ്ദേഹം. *മഹാഭാരതപര്യടനം* എന്ന ബൃഹദ്ഗ്രന്ഥം മാത്രം മതി അദ്ദേഹത്തിലെ തത്ത്വജ്ഞാനിയുടെ ആഴം തിരിച്ചറിയുവാൻ. കലാലയ അധ്യാപകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ക്ലാസ്സുകളും പ്രഭാഷണങ്ങളും തലമുറകൾക്ക് വഴികാട്ടിയായെന്നും അനുശോചനക്കുറിപ്പിൽ പറഞ്ഞു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി